(സി) വാടക ഇപ്പോൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) 20.6.1998ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ വാട്ടർ മീറ്ററുകൾ ഉപഭോക്താക്കൾ തന്നെ വാങ്ങി നൽകേണ്ടതാണ്. ഇപ്രകാരം ഉപഭോക്താവ് വാങ്ങി ഘടിപ്പിക്കുന്ന വാട്ടർ മീറ്ററിന് വാടക ഈടാക്കുന്നില്ല. എന്നാൽ കേരള വാട്ടർ അതോറിറ്റിയിൽ സ്റ്റോക്ക് ഉള്ള മീറ്ററുകൾ ഗാർഹിത കണക്ഷനുകൾക്ക് ഉപയോഗിക്കാറുണ്ട്. ഇപ്രകാരം വാട്ടർ അതോറിറ്റിയുടെ മീറ്ററുകൾ ഘടിപ്പിക്കുന്ന കണക്ഷനുള്ള ഉപഭോക്താക്കളിൽനിന്നും പ്രതിമാസം 10 രൂപ പ്രകാരം വാടക ഈടാക്കുന്നുണ്ട്.

(ബി) 4.12.1991-ൽ സർക്കാർ ഉത്തരവ് പ്രകാരം ആദ്യം നിശ്ചയിച്ചിരുന്ന വാടക പ്രതിമാസം 5 രൂപ പ്രകാരമായിരുന്നു.

(സി) 20.6.1998 ലെ സർക്കാർ ഉത്തരവ് പ്രകാരം വാടക നിരക്ക് പ്രതിമാസം 10 രൂപ ആക്കിയതിൽ പിന്നെ വാടക വർദ്ധിപ്പിച്ചിട്ടില്ല.

(ഡി) പഴയ നിരക്കിൽ വാടക പുനഃസ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഓഫീസുകൾ

13 (*632)ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. യു.എസ്. ശശി :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സബ്ഡിവിഷൻ ഓഫീസുകളും അതിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളും ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര സബ്ഡിവിഷൻ, സെക്ഷൻ, ഓഫീസുകൾ വീതം കൈമാറുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കൈമാറുന്ന ഓഫീസുകളിൽ പണിയെടുക്കുന്ന ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ച് ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) തീരുമാനിച്ചിട്ടില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

വൈദ്യുതി ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ്

14 (* 633)ശ്രീ. കെ.സി. വേണുഗോപാൽ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാലോട് രവി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ കൺസ്യൂമർ കാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കൺസ്യൂമർ കാർഡ് നൽകുന്നതിന് ഉപഭോക്താക്കളിൽനിന്നും ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഈ കാർഡിൽ എന്തെല്ലാം വിവരങ്ങളാണ് രേഖപ്പെടുത്തുന്നത്;

(സി) ഈ കാർഡ് സമ്പ്രദായം നടപ്പിൽ വരുത്തുവാനുള്ള കാരണമെന്താണെന്ന് വിശദീകരിക്കുമോ;

(ഡി) കാർഡിന് എത്രത്തോളം നിയമസാധുത ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഉപഭോക്താക്കൾക്ക് കൺസ്യൂമർ കാർഡ് നൽകണമെന്ന് ടാസ്ക് ഫോഴ്സ് ശുപാർശ ചെയ്തിട്ടുണ്ടോ; ടാസ്ക് ഫോഴ്സിന്റെ ഇത് സംബന്ധിച്ചുള്ള ശുപാർശകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) നിലവിലുള്ള കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും പുതിയ കണക്ഷനെടുക്കുന്നവർക്ക് ബോർഡ് ജീവനക്കാർ തന്നെ കാർഡും തയ്യാറാക്കി നൽകണമെന്നാണോ ടാസ്ക് ഫോഴ്സ് ശുപാർശ ചെയ്തിട്ടുള്ളത്; എങ്കിൽ ഇതിൻപ്രകാരമാണോ കെ.എസ്.ഇ.ബി. നടപടികൾ കൈക്കൊള്ളുന്നത്;

(ജി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(എച്ച്) കാർഡ് ഏർപ്പെടുത്തി കഴിഞ്ഞാൽ പിന്നീട് വീടുകളിൽ വാങ്ങുന്ന ഓരോ വൈദ്യുതി ഉപകരണങ്ങളുടെയും കൃണക്ക് കെ.എസ്.ഇ.ബി.യെ അറിയിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഐ) കൺസ്യൂമർ കാർഡ് ഏർപ്പെടുത്തുന്നതുമൂലം ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുകയും ഉയർന്ന താരിഫ് നിരക്ക് പ്രകാരം വൈദ്യുതി ചാർജ്ജ് നൽകേണ്ടിവരികയും ചെയ്യുമെന്ന ഉപഭോക്താക്കളുടെ ഭയാശങ്ക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജെ) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(കെ) സംസ്ഥാനത്ത് എത്രലക്ഷം വൈദ്യുതി ഉപഭോക്താക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; മുഴുവൻ വൈദ്യുതി ഉപഭോക്താക്കൾക്കും കൺസ്യൂമർ കാർഡ് വിതരണം ചെയ്യുന്നതിന് എന്ത് തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എൽ) കൺസ്യൂമർ കാർഡ് നടപ്പാക്കുന്നതിനെതിരെ ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ പ്രതിഷേധിച്ച് വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച ഫെഡറേഷൻ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എം) കൺസ്യൂമർ കാർഡ് നടപ്പാക്കുന്നതിനെതിരെ ഉയർന്നിരിക്കുന്ന വ്യാപകമായ എതിർപ്പ് കണക്കിലെടുത്ത് ഇത് പിൻവലിക്കാൻ നടപടി കൈക്കൊള്ളുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും പടിപടിയായി കൺസ്യൂമർ കാർഡ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഫീസ് ഈടാക്കുന്നകാര്യം തീരുമാനമായിട്ടില്ല. ബോർഡുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളെയും സംബന്ധിച്ച് ഒരു കൺസ്യൂമർ അറിഞ്ഞിരിക്കേണ്ട മുഴുവൻ വിവരങ്ങളും കാർഡിൽ ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) സർവ്വീസ് കണക്ഷൻ സംബന്ധിച്ച പല വിവരങ്ങളും ഉപഭോക്താക്കളുടെ കൈവശം ഉണ്ടാകാറില്ല. ഇത് വസ്തു കൈമാറ്റം ചെയ്യുമ്പോഴും വാടകയ്ക്ക് നൽകുമ്പോഴും മറ്റും പല പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്. കൂടാതെ വിവിധ ഇനങ്ങളിൽ, ഉപഭോക്താവ് ബോർഡിൽ നടക്കുന്ന പണത്തിന് ഉപഭോക്താവിന്റെ പക്കൽ ആധികാരിക രേഖകൾ ഉണ്ടാകാറില്ല. ഇങ്ങനെയുള്ള പല തർക്കങ്ങളിലും ഉപഭോക്താവിന്, ബോർഡ് കോടതിയിൽ നൽകുന്ന വിവരങ്ങളിൽ തൃപ്തമാകേണ്ടിവരുന്നു. ഇത് ഉപഭോക്താവിന് സഹായത്തിനും സംതൃപ്തിക്കും ഇടയാകുന്നു. ആയതിനാൽ ബോർഡും ഉപഭോക്താവും തമ്മിലുള്ള ബന്ധം കൂടുതൽ സുതാര്യമാക്കാൻ സഹായിക്കുമെന്നതിനാലാണ് കൺസ്യൂമർ കാർഡ് നൽകാൻ തീരുമാനിച്ചത്.

(ഡി) 1948-ലെ ഇൻഡ്യൻ ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ടിലെ സെക്ഷൻ 79()-ൽ വിവക്ഷിച്ചിരിക്കുന്ന "കണ്ടിജൻസ് ഓഫ് സപ്ലൈ ഓഫ് ഇലക്ട്രിക്കൽ എനർജി"യെ അടിസ്ഥാനമാക്കിയാണ് കൺസ്യൂമർ കാർഡ് നൽകുവാൻ ഉദ്ദേശിക്കുന്നത്. ഇതിന് നിയമസാധ്യത ഉണ്ട്.

(ഇ) ഉണ്ട്. ശുപാർശയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധമായി വച്ചിരിക്കുന്നു.

(എഫ്)എല്ലാ ഉപഭോക്താക്കളും ബോർഡ് ജീവനക്കാരുടെ സഹായത്തോടുകൂടി കാർഡ് തയ്യാറാക്കി നൽകാനാണ് ടാസ്ക് ഫോഴ്സ് ശുപാർശ ചെയ്തിട്ടുള്ളത്. അതനുസരിച്ചാണ് നടപടികൾ കൈക്കൊള്ളുന്നത്.

(ജി) പ്രസക്തമല്ല.

(എച്ച്) കാർഡ് ഏർപ്പെടുത്തുന്നതുവഴി നിലവിലുള്ള നിയമത്തിന് യാതൊരു മാറ്റവും ബോർഡ് വരുത്തുന്നില്ല. ഉപഭോക്താവിന്റെ, നിലവിലുള്ള വയറിംഗ് കപ്പാസിറ്റിക്കുള്ളിൽ നിന്നുകൊണ്ട് പുതിയ ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് ബോർഡിന്റെ അനുവാദം വാങ്ങേണ്ടതില്ല.

(ഐ) ഉണ്ട്. എന്നാൽ ഈ ഭയാശങ്കകൾക്ക് യാതൊരു അടിസ്ഥാനവുമില്ല.

(ജെ) കൺസ്യൂമർ കാർഡ് നൽകുന്നതുകൊണ്ട് ഉപഭോക്താവ് വൈദ്യുതി ചാർജ്ജിനത്തിലോ, സെക്യൂരിറ്റി ഡിപ്പോസിറ്റ് ഇനത്തിലോ, മറ്റേതെങ്കിലും വിധത്തിലോ അധിക ചാർജ്ജ് നൽകേണ്ടതില്ലാ എന്ന് ബോർഡിന്റെ 10.3.2000 ലെ ഉത്തരവിൻ പറഞ്ഞിട്ടുണ്ട്.

(കെ) ഉദ്ദേശം 58 ലക്ഷം ഉപഭോക്താക്കൾ ഉണ്ട്. ഏകദേശം 6 കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഇല്ല. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ കൂടി പ്രതിനിധികൾ ഉൾപ്പെട്ട കർമ്മ സമിതി അംഗീകരിച്ച കൺസ്യൂമർ കാർഡ് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ യൂണിയൻ പ്രതിനിധികളുമായി വീണ്ടും ചർച്ച ചെയ്തില്ല എന്ന ആരോപണമാണ് ഉന്നയിച്ചത്. നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ അംഗീകൃത യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്തു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എം) കൺസ്യൂമർ കാർഡ് നൽകുന്നതിനോടനുബന്ധിച്ച് ചില തെറ്റിദ്ധാരണകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഭൂരിഭാഗവും കൺസ്യൂമർ കാർഡിന് നൽകുന്ന അപേക്ഷാഫാറം ഉപഭോക്താവ് പൂരിപ്പിച്ച് നൽകുന്നത് സംബന്ധിച്ചുള്ളവയാണ്. തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനകരമായ സംവിധാനമായതിനാൽ പിൻവലിക്കുന്നകാര്യം ഗവൺ മെന്റിന്റെ പരിഗണനയിലില്ല.

കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതി

15 (*634)ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) കൺസ്യൂമർകാർഡ് സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ കാർഡ് സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) & (ബി) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന രീതിയിൽ പ്രയോജനകരമാണ്.

1. വൈദ്യുതി കണക്ഷൻ സംബന്ധമായ ആധികാരിക രേഖകൾ ഇപ്പോൾ അതാത് ഇലക്ട്രിസിറ്റി ഓഫീസിലാണുള്ളത്. ഉപഭോക്താവിന് രൂപയടച്ച രസീതുകളല്ലാതെ മറ്റ് ആധികാരിക രേഖകളൊന്നും ഇല്ല. ഇതിനുപകരമായി വൈദ്യുതി സംബന്ധിച്ച എല്ലാ വിശദവിവരങ്ങളും ഉൾക്കൊള്ളുന്ന രേഖകൾ ഉപഭോക്താക്കൾക്ക് നല്കുന്ന സമ്പ്രദായം മിക്കവാറും എല്ലാ രാജ്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly